ടി.കെ ഉബൈദ്



സൂറ - 46

# അൽ അഹ്ഖാഫ്

الأحقاف

### സൂക്തം 20

ഭൗതിക ലോകത്ത് മഹാസമ്പന്നന്മാരും കൊമ്പന്മാരുമാണെന്നഹങ്കരിച്ചു സുഖലോലുപരായി വാണ സത്യനിഷേധികൾ, അന്ത്യനാളിൽ വിചാരണ കഴിഞ്ഞ് നരക കവാടത്തിലെത്തുന്നത് ഒന്നോർത്തു നോക്കുക. അതിലെ കൊടിയ ശിക്ഷാ മുറകളും ദാരുണമായ പീഡനങ്ങളും കണ്ട് അവർ ഭയാക്രാന്തരും ദുഃഖ വിവശരുമാകുന്നു. ഇഹലോകത്തനുഭവിച്ചുകൊണ്ടിരുന്ന സുഖഭോഗങ്ങളുടെ കണിക പോലും അവിടെയില്ല.

وَيَوْمَ يُعْرَضُ الَّذِينَ كَفَرُوا عَلَى النَّارِ أَذْهَبْتُمْ طَيِّبَاتِكُمْ فِي حَيَاتِكُمُ الدُّنْيَا وَاسْتَمْتَعْتُم بِهَا فَالْيَوْمَ
تُجْزَوْنَ عَذَابَ الْهُونِ بِمَا كُنتُمْ تَسْتَكْبِرُونَ فِي الْأَرْضِ بِغَيْرِ الْحَقِّ وَبِمَا كُنتُمْ تَفْسُقُونَ ﴿٢٠﴾

*20*

*സത്യ-ധർമങ്ങൾ നിഷേധിച്ചവർ നരക കവാടത്തിൽ ഹാജരാക്കപ്പെടുന്ന നാൾ! അന്ന് അവരോട് പറയപ്പെടുന്നു: നിങ്ങളുടെ സൗഭാഗ്യങ്ങൾ ഭൗതിക ജീവിതത്തിൽ തന്നെ മുടിച്ചുകളഞ്ഞുവല്ലോ. അതൊക്കെയും നിങ്ങൾ ആസ്വദിച്ചു കഴിഞ്ഞിരിക്കുന്നു. ആകയാൽ ഇന്നു ലഭിക്കാനുള്ള കർമഫലം നിങ്ങൾ ഭൂമിയിൽ അന്യായമായി അഹങ്കരിച്ചുവാണതിന്റെയും ചെയ്തുകൊണ്ടിരുന്ന പാപകൃത്യങ്ങളുടെയും പേരിലുള്ള ഹീനമായ ശിക്ഷയാകുന്നു.*

| | |
|---|---|
| ഹാജരാക്കപ്പെടുന്ന നാൾ | وَيَوْمَ يُعْرَضُ |
| (സത്യ-ധർമങ്ങൾ) നിഷേധിച്ചവർ | الَّذِينَ كَفَرُوا |
| നരക (കവാട)ത്തിന്മേൽ | عَلَى النَّارِ |
| (അന്ന് അവരോട് പറയപ്പെടുന്നു:) നിങ്ങൾ പോക്കി (മുടിച്ചുകളഞ്ഞുവല്ലോ) | أَذْهَبْتُمْ |
| നിങ്ങളുടെ ഉത്തമ വിഭവങ്ങൾ (സൗഭാഗ്യങ്ങൾ) | طَيِّبَاتِكُمْ |
| നിങ്ങളുടെ ഭൗതിക ജീവിതത്തിൽ (തന്നെ) | فِي حَيَاتِكُمُ الدُّنْيَا |

| | |
|---|---|
| അതൊക്കെയും നിങ്ങൾ ആസ്വദിച്ചു (കഴിഞ്ഞിരിക്കുന്നു) | وَاسْتَمْتَعْتُم بِهَا |
| ആകയാൽ ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നു (ലഭിക്കാനുള്ള കർമഫലം) | فَالْيَوْمَ تُجْزَوْنَ |
| ഹീനമായ ശിക്ഷയാകുന്നു | عَذَابَ الْهُونِ |
| നിങ്ങൾ ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു വാണതിന്റെയും | بِمَا كُنتُمْ تَسْتَكْبِرُونَ فِي الْأَرْضِ بِغَيْرِ الْحَقِّ |
| നിങ്ങൾ ചെയ്തുകൊണ്ടിരുന്ന പാപകൃത്യങ്ങളുടെയും (പേരിലുള്ള) | وَبِمَا كُنتُمْ تَفْسُقُونَ |

ഭൗതിക ലോകത്ത് മഹാസമ്പന്നന്മാരും കൊമ്പന്മാരുമാണെന്നഹങ്കരിച്ചു സുഖലോലുപരായി വാണ സത്യനിഷേധികൾ, അന്ത്യനാളിൽ വിചാരണ കഴിഞ്ഞ് നരക കവാടത്തിലെത്തുന്നത് ഒന്നോർത്തു നോക്കുക. അതിലെ കൊടിയ ശിക്ഷാ മുറകളും ദാരുണമായ പീഡനങ്ങളും കണ്ട് അവർ ഭയാക്രാന്തരും ദുഃഖ വിവശരുമാകുന്നു. ഇഹലോകത്തനുഭവിച്ചുകൊണ്ടിരുന്ന സുഖഭോഗങ്ങളുടെ കണിക പോലും അവിടെയില്ല. ദൈവത്തിലും ദൈവശാസനകളിലും വിശ്വസിച്ചില്ലെങ്കിലും, സ്വേഛയാ ചെയ്തിരുന്നതിൽ ചില നല്ല കർമങ്ങളുമുണ്ടായിരുന്നുവല്ലോ. ധർമിഷ്ഠനെന്നു പ്രസിദ്ധനാവാൻ ദാനം ചെയ്തു. സത്യസന്ധനെന്ന പേരെടുക്കാൻ ചിലപ്പോൾ നഷ്ടം സഹിച്ചും സത്യം പറഞ്ഞു. ജനസമ്മതിയും നേതൃത്വവും നേടാൻ പൊതുസേവനങ്ങളിലേർപ്പെട്ടു. അതിന്റെയൊക്കെ ആനുകൂല്യങ്ങൾ ഇവിടെ ലഭിച്ചെങ്കിൽ എന്ന് ആ സന്ദിഗ്ധ ഘട്ടത്തിൽ അവർ ഉൽക്കടമായി മോഹിക്കുന്നു.

> ഭൗതിക സുഖത്തിനു വേണ്ടി സ്വേഛാനുസാരം ചെയ്യുന്ന കർമം എത്ര നല്ലതായാലും അതിനു ഭൗതികമായ കർമഫലം മാത്രമേ ഉണ്ടാകൂ.

അപ്പോൾ നരക കിങ്കരന്മാർ, അല്ലെങ്കിൽ അല്ലാഹു നേരിട്ട് അവരോട് പറയുന്നു: നിങ്ങൾ സൽക്കർമങ്ങൾ വല്ലതും അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അത് ഭൗതിക ജീവിതത്തിലെ കർമഫലങ്ങൾക്കു വേണ്ടി മാത്രമാണ്. അതെല്ലാം അല്ലാഹു തീർച്ചയായും നിങ്ങൾക്കു നൽകിയിരിക്കുന്നു. നിങ്ങൾ നേടിയ സമ്പത്ത്, സ്ഥാനമാനങ്ങൾ, അധികാരം, മറ്റു ഭൗതിക സുഖഭോഗങ്ങൾ എല്ലാം ഇഹലോകത്ത് കിട്ടിക്കൊണ്ടിരുന്നു. അതൊക്കെയും അവിടെ നിങ്ങൾ അനുഭവിച്ചു തീർക്കുകയും ചെയ്തു. നിങ്ങൾ അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുകയോ അല്ലാഹുവിനും പരലോകത്തിനും വേണ്ടി സൽക്കർമമനുഷ്ഠിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ, പരലോകത്ത് പ്രതിഫലവുമില്ല. പരലോകത്തെയും അതിന്റെ രക്ഷാശിക്ഷകളെയും നിങ്ങൾ അഹങ്കാരത്തോടെ പുഛിച്ചു തള്ളുകയായിരുന്നുവല്ലോ. കർമങ്ങളുടെ സൽഫലങ്ങളെല്ലാം ഭൗതിക ലോകത്തുതന്നെ സുഖിച്ചു മദിച്ചനുഭവിച്ചു തീർത്തതിനാൽ ഇവിടെ നിങ്ങളെ കാത്തിരിക്കുന്നത് അവിടെ കൈക്കൊണ്ട അഹന്തയുടെയും ധാർഷ്ട്യത്തിന്റെയും സത്യവിരുദ്ധമായ നിലപാടുകളുടെയും, അല്ലാഹു വിധിച്ച നൈതിക ധാർമിക സരണി തള്ളിക്കളഞ്ഞതിന്റെയും നീചവും നിന്ദ്യവുമായ അനന്തര ഫലങ്ങൾ മാത്രമാകുന്നു.

ആന്തരികമായും ബാഹ്യമായും ഗുണമുള്ളതാണ് طيب. അതിന്റെ ബഹുവചനം طيّبات. ഇവിടെ ഉദ്ദേശ്യം ഇന്ദ്രിയ രസങ്ങളും യൗവനം, ആരോഗ്യം, ധിഷണാവൈഭവം, സർഗശേഷി തുടങ്ങിയ ഗുണങ്ങളുമാണ്. അതെല്ലാം ക്ഷണികമായ ഭൗതിക ജീവിതത്തിൽ ആസ്വദിച്ചു തീർത്തു, ശാശ്വതമായ പരലോക ജീവിതത്തിനു വേണ്ടി ഒന്നും വെച്ചില്ല എന്നാണ് أَذْهَبْتُمْ طَيِّبَاتِكُمْ فِي حَيَاتِكُمُ الدُّنْيَا وَاسْتَمْتَعْتُم بِهَا എന്ന വാക്യത്തിന്റെ താൽപര്യം. ചെയ്യുന്നത് സൽക്കർമമായതുകൊണ്ട് മാത്രം പാരത്രിക പ്രതിഫലത്തിനർഹമാകുന്നില്ല. അത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെയ്യതായിരിക്കുക കൂടി വേണം. അല്ലാഹു കൽപിച്ച കാര്യം കൽപിച്ച ക്രമത്തിൽ ചെയ്യുന്നതിനാണ് അല്ലാഹു പരലോകത്ത് പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുള്ളത്. ഭൗതിക സുഖത്തിനു വേണ്ടി സ്വേഛാനുസാരം ചെയ്യുന്ന കർമം എത്ര നല്ലതായാലും അതിനു ഭൗതികമായ കർമഫലം മാത്രമേ ഉണ്ടാകൂ. അതു പരലോകത്ത് പ്രതിഫലാർഹമായി പരിഗണിക്കപ്പെടുന്നില്ല. ഇക്കാര്യം നേരത്തെ 24:29-ലും 25:23-ലും പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹുവിനുവേണ്ടി ചെയ്യപ്പെടുന്ന കർമങ്ങൾ മാത്രമേ അവൻ സ്വീകരിക്കൂ എന്ന്

പ്രവാചകനും വ്യക്തമാക്കിയിരിക്കുന്നു. സുപ്രസിദ്ധമായ ഒരു ഹദീസിൽ നബി (സ) അത് വിശദീകരിച്ചത് ഇപ്രകാരമാണ്: "കർമങ്ങളുടെ മൂല്യം അവയുടെ ലക്ഷ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഒരുവൻ അല്ലാഹുവിനും അവന്റെ ദൂതനും വേണ്ടി ഹിജ്റ ചെയ്താൽ ആ ഹിജ്റ അല്ലാഹുവിനും റസൂലിനും വേണ്ടിയുള്ളതുതന്നെ. ഒരുവൻ കാമുകിയെ പ്രാപിക്കാൻ ഹിജ്റ ചെയ്താൽ അവന്റെ ഹിജ്റ അവൾക്കു വേണ്ടിയുള്ളതാണ്." കാമുകിയെ തേടിയുള്ള ഹിജ്റക്ക് കാമുകിയെ പ്രാപിക്കുക എന്ന ഭൗതിക മൂല്യവും ഫലവും മാത്രമേയുള്ളൂവെന്നും ആദർശപ്രേരിതമായ ഹിജ്റയുടെ മൂല്യവും പുണ്യവും ഇല്ലെന്നും സാരം. 15-ാം സൂക്തത്തിൽ സൽസന്തതിയുടെ 'നാഥാ, നീ തൃപ്തിപ്പെടുന്ന സൽക്കർമം ചെയ്യാൻ എനിക്ക് ഉതവിയരുളേണമേ' -أَنْ أَعْمَلَ صَالِحًا تَرْضَاهُ- എന്ന പ്രാർഥന ഉദ്ധരിച്ചത് ഇവിടെ അനുസ്മരണീയമാകുന്നു. എനിക്ക് നല്ലതായി തോന്നുന്ന കർമം ചെയ്യാൻ സാധിക്കേണമേ എന്നല്ല, നീ തൃപ്തിപ്പെടുന്ന സൽക്കർമം ചെയ്യാൻ സാധിക്കേണമേ എന്നാണ് തേടുന്നത്. അല്ലാഹു കൽപിച്ചത് കൽപിച്ച പ്രകാരം നിർവഹിക്കുമ്പോഴാണ് അവൻ തൃപ്തിപ്പെട്ട സൽക്കർമമാവുക.

പക്ഷേ നിങ്ങൾ അഹങ്കാരത്തോടെ, ധാർഷ്ട്യത്തോടെ അല്ലാഹുവിനെയും പരലോകത്തെയും നിഷേധിക്കുകയായിരുന്നു. അങ്ങനെ അഹങ്കരിക്കാനും നിഷേധിക്കാനും നിങ്ങൾക്ക് ബൗദ്ധികമോ വൈദികമോ ആയ യാതൊരു ന്യായവുമുണ്ടായിരുന്നില്ല. തികച്ചും അന്യായവും അടിസ്ഥാന രഹിതവും -بِغَيْرِ الْحَقِّ- ആയിരുന്നു നിങ്ങളുടെ നിഷേധം. ഭൗതിക ജീവിതത്തിൽ അഹന്തയോടെ ദൈവത്തെയും പരലോകത്തെയും ധിക്കരിച്ചതിന്റെ പാരത്രിക ഫലമായി ഇനി നിങ്ങൾക്കുള്ളത് അപമാനകരമായ ശിക്ഷയാകുന്നു. സത്യത്തിന്റെയും ധർമത്തിന്റെയും പാതയിൽനിന്ന് മനഃപൂർവം അകന്ന് അധർമ മാർഗത്തിൽ ചരിച്ചതിന്റെ കൂടി പരിണതിയാണീ ശിക്ഷ.

ഈ സൂക്തത്തെ ആധാരമാക്കി ചിലർ, ഭൗതിക സുഖഭോഗങ്ങളാസ്വദിക്കുന്നത് പരലോക ശിക്ഷക്ക് കാരണമാകുമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വിരക്തമായ ക്ലിഷ്ട ജീവിതമാണ് പരലോക വിജയം കാംക്ഷിക്കുന്നവർ നയിക്കേണ്ടത്. നബി(സ)യുടെ ലളിത ജീവിതത്തെ അതിനു പ്രമാണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മൺമറഞ്ഞ പുണ്യാത്മാക്കളിൽ ചിലർ വരണ്ട വിരക്ത ജീവിതം തെരഞ്ഞെടുത്തിരുന്നത് ഈയടിസ്ഥാനത്തിലാണ്.

ഭോഗത്തിലായാലും ത്യാഗത്തിലായാലും, അമിതത്വവും തീവ്രതയും ഇസ് ലാം വിലക്കിയിരിക്കുന്നു എന്നതിൽ തർക്കമില്ല. മിതമായ സുഖഭോഗങ്ങൾ ശരീഅത്ത് അനുവദിക്കുക മാത്രമല്ല, പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. **يَا أَيُّهَا الَّذِينَ آمَنُوا لَا تُحَرِّمُوا طَيِّبَاتِ مَا أَحَلَّ اللَّهُ لَكُمْ وَلَا تَعْتَدُوا** (അല്ലയോ സത്യവിശ്വാസികളായവരേ, അല്ലാഹു നിങ്ങൾക്കനുവദിച്ചു തന്നിട്ടുള്ള വിശിഷ്ട വിഭവങ്ങൾ നിഷിദ്ധമാക്കിക്കൂടാ. എന്നാൽ, ഒന്നിലും അതിരുവിടരുത് - 5:87).

**قُلْ مَنْ حَرَّمَ زِينَةَ اللَّهِ الَّتِي أَخْرَجَ لِعِبَادِهِ وَالطَّيِّبَاتِ مِنَ الرِّزْقِ قُلْ هِيَ لِلَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا** (പ്രവാചകൻ അവരോട് ചോദിക്കുക: അല്ലാഹു അവന്റെ ദാസന്മാർക്കായി ഉളവാക്കിയിട്ടുള്ള അലങ്കാരങ്ങളും ഉത്തമ വിഭവങ്ങളും നിഷിദ്ധമാക്കിയതാര്? പറയുക: ഇതൊക്കെയും ഭൗതിക ജീവിതത്തിൽ സത്യവിശ്വാസികൾക്കനുവദിച്ചിട്ടുള്ളതാകുന്നു -7:32).

ഒരിക്കൽ ഒരാൾ ഖലീഫ ഉമറി(റ)നെ ഭക്ഷണത്തിനു ക്ഷണിച്ചു. ഭക്ഷണാനന്തരം ആതിഥേയൻ കുറച്ചു മധുര പലഹാരം കൂടി കൊണ്ടുവന്നു കൊടുത്തപ്പോൾ ഉമർ അതു നിരസിച്ചുകൊണ്ടു പറഞ്ഞു: "അല്ലാഹു ജനത്തിന്റെ ആസക്തികളെ ആക്ഷേപിച്ചുകൊണ്ട് 'നിങ്ങൾ പോക്കിക്കളഞ്ഞു' -أَذْهَبْتُمْ- എന്നു പറഞ്ഞിട്ടില്ലേ?" ആതിഥേയൻ പ്രതികരിച്ചു: 'അമീറുൽ മുഅ്മിനീൻ, ആ വാക്യത്തിനു മുമ്പുള്ള വാക്യം കൂടി ഓതൂ. .... وَيَوْمَ يُعْرَضُ الَّذِينَ كَفَرُوا- (സത്യനിഷേധികൾ ഹാജരാക്കപ്പെടുന്ന ദിവസം......) താങ്കൾ സത്യനിഷേധികളിൽ പെട്ടവനല്ലല്ലോ.' അതുകേട്ട് ഉമർ (റ) സന്തോഷിക്കുകയും പലഹാരം ഭുജിക്കുകയും ചെയ്തു.

ഇമാം റാസി പറയുന്നു: "അതൊക്കെ ശരി. എന്നാൽ, സുഖാസ്വാദനങ്ങളിൽ സൂക്ഷ്മത പാലിക്കുന്നതാണ് ഏറ്റം ഗുണകരമെന്നതിൽ തർക്കമില്ല. സുഖഭോഗങ്ങൾ പതിവാക്കിയാൽ ജാഗ്രത പുലർത്താനും ഭോഗം പരിമിതപ്പെടുത്താനും മനഃക്ലേശമുണ്ടാകും. ആ സന്ദർഭത്തിൽ അവയോടുള്ള ആഭിമുഖ്യം ചിലപ്പോൾ അനാവശ്യമായതു ചെയ്യാൻ പ്രേരിപ്പിച്ചേക്കും. അതിൽ ചിലത് മറ്റു ചിലതിലേക്ക് വലിച്ചിഴക്കുന്നതാണ്. അതുമൂലം അവൻ അല്ലാഹുവിൽനിന്ന് അകന്നുപോകുന്നു." ●

**നിങ്ങൾ അഹങ്കാരത്തോടെ, ധാർഷ്ട്യത്തോടെ അല്ലാഹുവിനെയും പരലോകത്തെയും നിഷേധിക്കുകയായിരുന്നു. അങ്ങനെ അഹങ്കരിക്കാനും നിഷേധിക്കാനും നിങ്ങൾക്ക് ബൗദ്ധികമോ വൈദികമോ ആയ യാതൊരു ന്യായവുമുണ്ടായിരുന്നില്ല.**